"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വ്യവസായ വകുപ്പ് - കയർ വികസനം - കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡ് - 2024 - 2025 വർഷത്തെ മാച്ചിംഗ് ഗ്രാൻഡ് അനുവദിച്ച് ഉത്തരവാകുന്നു.

---

വ്യവസായ ( ഇ ) വകുപ്പ്

സ.ഉ.(സാധാ) നം.1516/2025/ID തീയതി,തിരുവനന്തപുരം, 18-12-2025

---

പരാമർശം:- കയർ വികസന ഡയറക്ടറുടെ 18/08/2025 -ലെ ഡി.സി.ഡി/ 557/2025-സിപി 5 നമ്പർ കത്ത്.

**ഉത്തരവ്**

2021-ലെ കേരള കയർ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) നിയമം സെക്ഷൻ 4(3) പ്രകാരം ഓരോ വർഷവും തൊഴിലാളി വിഹിതമിനത്തിൽ കയർ തൊഴിലാളി ക്ഷേമനിധി ബോർഡ് സമാഹരിക്കുന്ന തുകയുടെ 50% തുകയ്ക്ക് തുല്യമായ തുക മാച്ചിംഗ് ഗ്രാന്റായി ബോർഡിന് അനുവദിക്കേണ്ടതുണ്ടെന്നും ആയതിനാൽ 2024-25 ലെ ഓഡിറ്റ് ചെയ്ത കണക്കുകൾ പ്രകാരം 85,88,668/- രൂപ ബോർഡിന് മാച്ചിംഗ് ഗ്രാന്റായി അനുവദിക്കണമെന്നും കയർ വികസന ഡയറക്ടർ പരാമർശം (1) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡിലെ ജീവനക്കാർക്ക് ശമ്പളം നൽകുന്നതുൾപ്പെടെയുള്ള ചെലവുകൾക്കായി, കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡിന് 2024-2025 സാമ്പത്തിക വർഷത്തെ മാച്ചിംഗ് ഗ്രാന്റായി 50 ലക്ഷം രൂപ 2851-00-106-93 (NP) ശീർഷകത്തിൽ നിന്നും അനുവദിച്ച് ഉത്തരവാകുന്നു. ടി തുക റിലീസ് ചെയ്ത് കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് മാറി നൽകുന്നതിന് കയർ വികസന ഡയറക്ടറെ ചുമതലപ്പെടുത്തിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എ പി എം മുഹമ്മദ് ഹനീഷ്
പ്രിൻസിപ്പൽ സെക്രട്ടറി

കയർ വികസന ഡയറക്ടർ, തിരുവനന്തപുരം
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ,കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡ് ,
ആലപ്പുഴ.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, സബ് ട്രഷറി, വെള്ളയമ്പലം, തിരുവനന്തപുരം.

ധനകാര്യ വകുപ്പ് (E -3277592/I&PW-A3/89/2025-Fin തീയതി 16.12.2025 പ്രകാരം).

വിവരപൊതുജന സമ്പർക്ക വകുപ്പ്.

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (IND-E2/128/2025-IND).

ഉത്തരവിൻ പ്രകാരം

Signed by

Vidya Raj P

Date: 18-12-2025 16:42:57

സെക്ഷൻ ഓഫീസർ